"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം-വന്യജീവി വകുപ്പ്- പൊതുസ്ഥലങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതും വികസനപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതുമായ മരങ്ങളുടെ മുറിച്ച് മാറ്റൽ, മൂല്യനിർണ്ണയം, ലേലനടപടികൾ എന്നിവ സംബന്ധിച്ചുള്ള പൊതുമാർഗ്ഗനിർദ്ദേശങ്ങൾക്ക് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം- വന്യജീവി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.526/2024/F&WLD തീയതി, തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. ജി.ഒ.(ആർ.റ്റി) നം. 68/2010/വനം, തീയതി 10/02/2010.
2. ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 25.01.2024 തീയതിയിലെ SW3-1615/2021 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 19.11.2024 തീയതിയിലെ പ്രൊ(6)-5016/2019 നമ്പർ കത്ത്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി.&എ)-ന്റെ 11.12.2024 തീയതിയിലെ പ്രൊ(6)-5016/2019 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മെഡിക്കൽ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാസ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ എന്നിങ്ങനെ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങളിൽ വികസനപ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്നതും, ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ചുനീക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ജില്ലാതല കമ്മിറ്റി മുഖേന മരങ്ങൾ മുറിച്ചുമാറ്റാൻ അനുമതി നൽകുന്നതിനും, ലേലം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിരുന്നു. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി മന്ത്രിതലത്തിലും, ചീഫ് സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേരുകയുണ്ടായി. വനസൗഹൃദസദസുകളിലും ഈ വിഷയം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

2. ഈ യോഗങ്ങളിലെടുത്ത തീരുമാനങ്ങളും, വനം വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലുകളും

ആധാരമാക്കി സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവ് പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന ട്രീകമ്മിറ്റി നിലനിർത്തിക്കൊണ്ടും, പ്രസ്തുത ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയും താഴെപ്പറയുന്ന പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) ജില്ലയിലെ സാമൂഹ്യവനവത്കരണവിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പകരമായി ട്രീ കമ്മിറ്റിയുടെ കൺവീനറായി അതത് ജില്ലാ പഞ്ചായത്ത് മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലെ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. മരം മുറിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട സെക്രട്ടറിക്ക് (കൺവീനർ) ആണ്. സാമൂഹ്യവനവത്കരണവിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ട്രീ കമ്മിറ്റിയിൽ അംഗമായി തുടരുന്നതും, ഈ അംഗത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തി കമ്മിറ്റി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

2) തദ്ദേശസ്വയംഭരണവകുപ്പിന്റെ ഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ മൂല്യനിർണ്ണയം ആ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർക്കും, മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സർക്കാർ ഭൂമിയിലെ മരങ്ങളുടെ മൂല്യനിർണ്ണയം അതത് വകുപ്പുകളിൽ തത്തുല്യ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കും നിർവ്വഹിക്കാവുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ അതത് സ്ഥാപനം ഇതിനായി ചുമതലപ്പെടുത്തുന്ന ഉയർന്ന റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന് വില നിശ്ചയിക്കാവുന്നതാണ്.

3) 2011-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ചട്ടം അനുസരിച്ച് സ്പെസിഫൈഡ് മരങ്ങളുടെ (ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, വെള്ളകിൽ, എബണി) മൂല്യനിർണ്ണയം വനം വകുപ്പിൽ നിക്ഷിപ്തമാണ് .1978-ലെ കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് പ്രകാരം വനവിഭവങ്ങളായി (forest produce) നിർവ്വചിക്കപ്പെട്ട മരങ്ങൾ ഉൾപ്പെടെയുള്ളവയുടെയും മൂല്യനിർണ്ണയം ആ നിയമത്തിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട നിരക്ക് കണക്കിലെടുത്തായിരിക്കേണ്ടതാണ്.

4) വനത്തിനകത്തുള്ള മരങ്ങൾക്ക് വനവിഭവങ്ങൾ (forest produce) എന്ന നിലയിൽ സർക്കാർ നിശ്ചയിച്ചുവരുന്ന വില (Seigniorage Rate) മരത്തിന്റെ/തടിയുടെ വില നിശ്ചയിക്കുന്നതിന് ബാധകമായിരിക്കുന്നതല്ല. എന്നിരുന്നാലും പ്രസ്തുത വിലയും കമ്പോള വിലയും മരത്തിന്റെ/തടിയുടെ വില നിശ്ചയിക്കുന്നതിനുള്ള ഒരു ഘടകമായി പരിഗണിക്കാവുന്നതാണ്.

5) പൊതുസ്ഥലത്തെ മരങ്ങൾ നിൽപ്പ് അവസ്ഥയിലോ, മുറിച്ചിട്ട ശേഷമോ, ഉപയോക്താവിന് ലേലം നടത്താവുന്നതാണ്.

6) ആദ്യലേലത്തിൽ തടിയുടെ upset price ലഭിക്കുന്ന പക്ഷം, ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ലേലം സ്ഥിരപ്പെടുത്താവുന്നതാണ്. മരങ്ങൾ/തടികൾ ആദ്യലേലത്തിൽ വിറ്റുപോകാത്ത സാഹചര്യത്തിൽ, ലേലം നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ കാര്യകാരണസഹിതമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും, തടിയുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലും,

തുടർന്നുള്ള ലേലങ്ങളിൽ ലഭിക്കുന്ന ഏറ്റവും ഉയർന്ന വിലക്ക് ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തൊട്ടടുത്ത ഉന്നത ഉദ്യോഗസ്ഥന് ലേലം സ്ഥിരപ്പെടുത്താവുന്നതാണ്. ഇത് സംബന്ധിച്ച് വിവിധ വകുപ്പുകൾക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

7) ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ഇതേ മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ദുരന്ത നിവാരണ നിയമപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് ഇവ ബാധകമായിരിക്കുകയില്ല.

8) ഇപ്രകാരം മുറിച്ചുമാറ്റുന്ന മരങ്ങൾക്കും തടികൾക്കും നിലവിലുള്ള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ് ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് , വനം വകുപ്പ് ആസ്ഥാനം, തിരുവനന്തപുരം .
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്( ഫോറസ്റ്റ് മാനേജ്മെന്റ് ), വനം വകുപ്പ് ആസ്ഥാനം, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്( എഫ് ,ബി &എ ), വനം വകുപ്പ് ആസ്ഥാനം, തിരുവനന്തപുരം.
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്( സോഷ്യൽ ഫോറസ്ട്രി ),വനം വകുപ്പ് ആസ്ഥാനം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ഓഡിറ്റ് ), തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും,ജില്ലാ കളക്ടർമാർക്കും
വെബ് ആൻഡ് ന്യൂ മീഡിയ , പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
വനം-വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്

വനം-വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്